# ആപൽക്കരമായ മലിനീകരണം

## The Pollution Crisis




**നാം അവന്റെ വാഗ്ദത്ത പ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായി കാത്തിരിക്കുന്നു**
**2 പത്രൊ. 3:13.**

**മനുഷ്യന്റെ മഹാ വൈഷമ്യം - ദൈവത്തിന്റെ അവസരം**

**നിങ്ങൾക്കറിയാമോ**: കര, വെള്ളം ഭൂമിയുടെ അന്തരീക്ഷം മുതലായ വയ്ക്ക് ലോകവ്യാപകമായി വരുത്തിവയ്ക്കുന്ന മലിനീകരണം മൂലം മനുഷ്യവർഗ്ഗം സ്വയം നാശത്തിലേക്ക് വളരെ വേഗം അടുത്തു കൊണ്ടിരിക്കുന്നു എന്ന് ?

പരിസ്ഥിതിയുടെ കാര്യത്തിലുള്ള മനുഷ്യന്റെ തെറ്റായ സമീപനം മൂലം അവന്റെ വളർത്തിയെടുത്ത വലിയ കഴിവ് പരിസ്ഥിതി നശീകരണവിഷയത്തിൽ ഒരു ഭീഷണി ആണെന്നുള്ളത്?

അകത്തു തീകത്തി പുകയുണ്ടാക്കുന്ന യന്ത്രങ്ങൾ, വിഷവാതകങ്ങൾ, കീടനാശിനികളും മറ്റു രാസവസ്തുക്കളും, പ്ലാസ്റ്റിക്ക്, രാസവളങ്ങൾ, മനുഷ്യനിർമ്മിതമായ റേഡിയോ ഐസോടോപ്പുകൾ മുതലായവ രൂക്ഷവും വ്യാപകവുമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നുള്ളത്?

വിമാനങ്ങൾ, കാറുകൾ, വ്യാവസായികപ്രവർത്തനങ്ങൾക്കുള്ള യന്ത്രസാമഗ്രികൾ, ആണവഊർജ്ജം, വൈദ്യുതി ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ മുതലായവ വഴി ആധുനിക മനുഷ്യൻ തന്നത്താൻ സാങ്കേതിക വിദ്യ വർദ്ധിപ്പിക്കുന്നു എന്നുള്ളത്?

കാറുകൾ, വിമാനങ്ങൾ, വ്യവസായശാലകൾ മുതലായവ പുറംതള്ളുന്ന മാലിന്യങ്ങൾ നിറഞ്ഞ വായു അന്തരീക്ഷത്തെ മേഘാവൃതമാക്കുക വഴി അസംഖ്യം ആളുകൾ ശ്വാസകോശരോഗങ്ങൾ മുതലായവയ്ക്ക് ഇരയാകുന്നു എന്നും പുറംതള്ളുന്ന വിഷമയമാലിന്യങ്ങളുടെ അളവിനേക്കാൾ 40% കൂടുതൽ പ്രാണവായു ഉപയോഗിച്ചു തീർക്കുന്നു എന്നും ലോക

ത്താകമാനമുള്ള വ്യാവസായിക മാലിന്യങ്ങളുടെ 50% വും ഐക്യനാടു കളാണ് പുറംതള്ളുന്നതെന്നും?

അണുസ്ഫോടനങ്ങളും ആണവോർജ്ജ ഉല്പാദനവും റേഡിയേ ഷൻകൊണ്ടു അന്തരീക്ഷത്തെ മലിനമാക്കുകയും നേരിട്ടനുഭവപ്പെടുന്ന റേഡി യേഷന്റെ അളവനുസരിച്ച് മനുഷ്യവർഗ്ഗത്തിന് അർബ്ബുദം, രക്താർബ്ബുദം, ജനി തകതകരാറുകൾ മുതലായവ ഉണ്ടാകുകയും ചെയ്യുന്നു എന്നുള്ളത് ?

ഭൂമിക്കു മുകളിൽ 13 കിലോമീറ്ററോളം പൊക്കത്തിൽ വ്യാപിച്ചുപരന്നു കിടക്കുന്ന അന്തരീക്ഷത്തിന്റെ മലിനീകരണാവസ്ഥ സകല മനുഷ്യ വർഗ്ഗ ത്തേയും ബാധിക്കുന്നു. കാറുകളും, വിമാനങ്ങളും പുറംതള്ളുന്ന മാലിന്യ ങ്ങൾ, ഫാക്ടറികളിലേയും വ്യവസായശാലകളിലേയും പുക, നദികളിലെ ചൂടും മാലിന്യങ്ങളും, മലിനജലം, ജീർണ്ണവസ്തുക്കൾ, ചപ്പുചവറുകളും എച്ചിലും, വളങ്ങൾ, കീടനാശിനികൾ, എണ്ണച്ചോർച്ച മുതലായവവഴി വർദ്ധിച്ചു വരുന്ന പരിസ്ഥിതിനാശം വലിയ ഗുരുതരപ്രശ്നമാണെന്ന്?

രസം, ഡി.ഡി.ടി, പി.സി.ബി, വളങ്ങൾ മുതലായവ നിമിത്തം കരയ്ക്കും ജലാശയങ്ങൾക്കും സമുദ്രത്തിനും ഉണ്ടാകുന്ന മാലിന്യങ്ങളിൽ ചിലത് നാളുകളോളം തുടരുന്നതുമൂലം അവ അസംഖ്യങ്ങളായ മനുഷ്യർക്കും, മൃഗങ്ങൾക്കും, പക്ഷികൾക്കും, മത്സ്യങ്ങൾക്കും ദോഷാനുഭവങ്ങളും ജീവ നാശവും വരുത്തുന്നു എന്ന്?

ജലത്തിൽ നിന്ന് മനുഷ്യനും മറ്റു ജീവജാലങ്ങളും നേരിട്ടും അല്ലാ തെയും ആഹാരപാനീയങ്ങൾ സ്വീകരിക്കുന്നതുകൊണ്ട് ജലമലിനീകരണം വായുമലിനീകരണത്തേക്കാൾ കൂടുതൽ അപകടകരമാണെന്ന്?

അധികഭാഗം ഭക്ഷണ പദാർത്ഥങ്ങളും സംഭരണത്തിനുവേണ്ടിയുള്ള വിഷപ്രയോഗം, തെറ്റായ തയ്യാറാക്കൽ, ഹോർമോൺ പ്രയോഗങ്ങൾ മുത ലായവയാൽ വിഷമയമായിക്കൊണ്ടിരിക്കുന്നു എന്ന്?

ആപത്ക്കരമായ മലിനീകരണത്തിനു പരിഹാരം വരുത്തി ഭൂമി മനുഷ്യാ ധിവാസത്തിന് കൂടുതൽ ഫലപ്രദമാക്കുന്നതിന് ചെറുപ്പക്കാരുൾപ്പെടെ പലരും മഹത്തരവും പ്രശംസനീയവുമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എന്നാൽ ഇതിനുള്ള പരിശ്രമം മനുഷ്യന്റെ അത്യാഗ്രഹവും മറ്റുള്ളവരുടെ അവകാ ശങ്ങളോടുള്ള അനാദരവും അശ്രദ്ധമായ പ്രവർത്തനങ്ങളും മൂലം ഏറ്റം ദുഷ്ക്കരവും ബുദ്ധിമുട്ടു നിറഞ്ഞതുമാണെന്നുള്ളത്?

''ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു''(ഉല്പ. 1:1; കൊലൊ 1:16,17). "ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിലെ നിവാസികളും യഹോ വയ്ക്കുള്ളതാകുന്നു''(സങ്കീ. 24:1 ; ആവ. 32:43; ഇയ്യോ. 41:11) എന്നുള്ളതു?

പൂർണ്ണനായി സൃഷ്ടിക്കപ്പെട്ട ആദാമിന് സ്വർഗ്ഗത്തിലെ ഒരു ഭവനമാ യിരുന്നില്ല ദൈവം വാഗ്ദാനം ചെയ്തിരുന്നത്. എന്നാൽ അവൻ ഹൃദയ പൂർവ്വമായി ദൈവത്തോടുള്ള അനുസരണത്തിൽ നിലനിന്നിരുന്നെങ്കിൽ അവന്റെ നിത്യ ഭവനമായ ഭൂമിമേലുള്ള ആധിപത്യമായിരുന്നു അവനുണ്ടാ യിരുന്ന വാഗ്ദത്തം (ഉല്പ. 1:26-31; സങ്കീ. 8:4-8) എന്ന്?

ശുദ്ധപരിസ്ഥിതിയോടുകൂടി സർവ്വമനുഷ്യവർഗ്ഗത്തിനുവേണ്ടിയും ദൈവം കരുതിയിരുന്നതിന്റെ ഒരു മാതൃക എന്നനിലയിലുള്ള ഏദൻതോട്ടത്തിൽ

നിന്ന് അനുസരണക്കേടിന്റെ ഫലമായി ആദാമും ഹവ്വയും പുറത്താക്കപ്പെ ട്ടു. പാപവും പാപത്താൽ മരണവും (ജീവനിൽ നിന്നുള്ള ഛേദനം) ലോക ത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം (നിത്യ ദണ്ഡനമല്ല) സകല മനുഷ്യരിലും പരന്നിരിക്കുന്നു (പാരമ്പര്യമായി രോഗം, ദു:ഖം, വേദന ആദിയായവയോടുകൂടി) ഉല്പ. 3; റോമ. 5: 12, 17–19; 6:23; യെഹെ.18:4,20; 1 കൊരി.15:21,22; എന്ന്?

പാരമ്പര്യമായുള്ള ആദാമ്യ പാപം നിമിത്തം മനുഷ്യൻ തന്നത്താൻ വലിയ അളവിൽ മലിനനായിത്തീർന്നിരിക്കുന്നു (ഇയ്യോ. 5:7; 14:4; സങ്കീ.51:5). ശാരീരികവും, മാനസികവും, സാന്മാർഗ്ഗികവും, മതപരവുമായ നിലകളിൽ ആണ് അവൻ മലിനൻ ആയിത്തീർന്നിരിക്കുന്നത്. ദൂഷണം പറച്ചിൽ, കുല പാതകം, മോഷണം, ലൈംഗികപാപങ്ങൾ, മയക്കുമരുന്നിനടിമയാകൽ, അതിഭക്ഷണം, മദ്യപാനം, അത്യാഗ്രഹം, വിഗ്രഹാരാധന മുതലായവ വഴി യാണ് അവൻ ദൈവത്തോടും മനുഷ്യരോടും പാപം ചെയ്തുകൊണ്ടിരി ക്കുന്നത് എന്ന്?

ദേശവും അശുദ്ധമായിത്തീർന്നിരിക്കുന്നു; അതു കൊണ്ടു ഞാൻ അതിന്റെ അകൃത്യം അതിന്മേൽ സന്ദർശിച്ചിരിക്കുന്നു (ലേവ്യ.18:25; യെശ.24:4–6)എന്ന് യിസ്രായേലിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന ദൈവത്തിന്റെ വചനം ഇപ്പോൾ സന്ദർഭത്തിനു യോജിച്ചതാണെന്ന്?

ഈ പരിതസ്ഥിതിയിൽ ചില നല്ല മനുഷ്യരുടെ സൽപ്രവൃത്തികൾ ഉണ്ടാ യിട്ടു പോലും മനുഷ്യരുടെ അത്യാഗ്രഹവും അധ:പതനാവസ്ഥയും മൂലം ആർക്കും സ്വന്തപ്രശ്നങ്ങൾ പോലും യഥാർത്ഥമായി പരിഹരിച്ച് തന്നെയും തന്റെ പരിസ്ഥിതിയെയും സമൃദ്ധിയുടെ പൂർണ്ണാവസ്ഥയിലേക്ക് യഥാസ്ഥാ നപ്പെടുത്തുന്നതിന് കഴിയുന്നില്ല (സങ്കീ.49:6–9; 82:1–5; 107:26,27; ലൂക്കൊ.21:25–27; റോമ. 1:18–32; 3:10–23) എന്നു ?

1914 ൽ ആരംഭിച്ച ഇതുവരെ ഉണ്ടായിട്ടില്ലാത്ത “മഹാകഷ്ടകാല നാളിൽ”(ദാനി.12:1; മത്താ.24:21,22) മനുഷ്യർ തങ്ങളുടെ കഷ്ടതയുടെ മൂർദ്ധന്യാവസ്ഥയിൽ വിനയമതികളാകുന്നതിന് ദൈവം അവസരം ഒരു ക്കുന്നു. “അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോടു നിലവി ളിച്ചു;അവൻ(ക്രിസ്തുവിൽ കൂടെ–ദാനി. 7:13,14; സങ്കീ.72; മത്താ.28:18)അവ രുടെ ഞെരുക്കങ്ങളിൽ നിന്ന് അവരെ രക്ഷിച്ചു (സങ്കീ.46:8–11;107:28–30; യെശ. 29:18–20; ഹഗ്ഗാ.2:7) എന്നീ കാര്യങ്ങൾ?

അടുത്തു വന്നുകൊണ്ടിരിക്കുന്ന സകലത്തിന്റെയും യഥാസ്ഥാപന കാല മാകുന്ന (അപ്പൊ. 3:19–23) ഭൂമിയുടെ 1000 വർഷത്തെ ന്യായവിധി ദിവസ ത്തിൽ (അപ്പൊ. 17:31; 2 പത്രൊ 3:7,8; സങ്കീ. 94:15; യെശ. 26:9; 28:17; വെളി.5:9,10; 20:1–6) സർവ്വഭൂമിയും യഹോവയുടെ മഹത്വം കൊണ്ടു നിറ യും(സംഖ്യ.14:21; സങ്കീ.72:19; യെശ. 5:16; 6:3; 11:9; ഹബ. 2:14)എന്നു?

നിത്യജീവൻ സമ്പാദിച്ചു തരുന്ന, എന്നേക്കുമുള്ള ഭരണാധികാരിയും രക്ഷകനുമായ യേശുവിൽ വിശ്വാസവും തന്നോടുവിശ്വസ്തതയുമുള്ളവൻ (യോഹ. 14:6; അപ്പൊ. 4:12) ക്രമേണ മനഃപൂർവ്വമായ അനുസരണം മൂലം എല്ലാ മലിനീകരണത്തിൽ നിന്നും ശുദ്ധീകരിക്കപ്പെട്ട്(2 പത്രൊ.2:20;

യെശ.52:15; യെഹെ. 36:25,33) വിശുദ്ധിയിൻ പെരുവഴിയിലൂടെ മാനുഷിക പൂർണ്ണതയിലേക്കു നടത്തപ്പെടും (യെശ.35:8-10; 2:2-4;2പത്രൊ.3:13; വെളി.21:1-8,24) എന്നു?

ജീവനുവേണ്ടിയുള്ള പരിശോധനക്കവസരം ലഭിക്കാതെ മരണമടഞ്ഞ സഹസ്രകോടികൾ മരണത്തിന്റെ അബോധനിദ്രയിൽ നിന്ന് ഉണർത്തപ്പെട്ട് അവർക്ക് അതിനുള്ള അവസരം ലഭിക്കുമെന്ന് (സങ്കീ. 22:27-29; യെഹെ. 16:48-63; മത്താ.11:21-24; റോമ.14:9; സങ്കീ.6:5;90:3-5; സഭാ. 9:5,10; ദാനി.12 : 2; യോഹ. 5:28,29;11:11-14; അപ്പൊ. 2:29,34; 1 തെസ്സ. 4:13-15) ?

1000 വർഷം കൊണ്ട് പൂർണ്ണമായി അഭിവൃദ്ധിപ്പെടാൻ കഴിയാതെ ഹൃദയത്തിൽ മാലിന്യമുള്ള എല്ലാവരും അതുപോലെ മലിനപ്പെടുത്തുന്നവരും ആയിരത്തിന്റെ അന്ത്യത്തിൽ രണ്ടാം മരണത്താൽ നിത്യമായി നശിപ്പിക്കപ്പെടും. ദൈവം, ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിക്കും (വെളി. 11:18; 20:7-9,14,15;21:8; സങ്കീ.145:20; യെശ. 65:20) എന്നുള്ളത്?

വായു, വെള്ളം, ഭൂമി, ഭക്ഷണം മുതലായവയുടെ എല്ലാ മാലിന്യങ്ങളും ക്രമേണ നീങ്ങി ലോകവ്യാപകമായി ഏദേന്യ അവസ്ഥ ഭൂമിക്കു കൈവരികയും ചെയ്യും (സങ്കീ.37:9-34; യെശ. 35:1-7;45:18; 51:3; 65:17-25; യെഹെ. 36:35; വെളി. 22: 3) എന്നുള്ളത്?

ദൈവരാജ്യം സമീപമായിരിക്കുന്നു എന്നതിനെക്കുറിച്ചുള്ള അനേക കാലലക്ഷണങ്ങളിൽപ്പെട്ടതാണ് അനേകർക്കുമുള്ള മലിനീകരണത്തെക്കുറിച്ചുള്ള ബോധ്യവും മലിനീകരണത്തിനെതിരെയുള്ള പ്രവർത്തനവും (മത്താ. 6:10; ലൂക്കൊ. 21: 29-32) എന്ന്?

ഭൂമിയിൽ നിത്യമായി അധികാരത്തിൽ വരാൻപോകുന്ന ക്രിസ്തുവിന്റെ നീതിയുള്ള ഭരണത്തെയും യഥാസ്ഥാപനവേലയേയും സംബന്ധിച്ചുള്ള വേദസത്യങ്ങളുടെ കൂടുതൽ പഠനത്തിലേക്കും ബൈബിൾ പഠനത്തിനാവശ്യമായ ലഘുലേഖകൾ, പുസ്തകങ്ങൾ, ബൈബിൾ സ്റ്റാൻഡാർഡ് മാസിക മുതലായവയ്ക്കും താഴെകാണുന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.


**Courtesy by: BIBLE STANDARD MINISTRIES - LHMM**
**1156 St. Matthews Road, Chester Springs, PA, 19425-2700, USA.**

| For English | For Malayalam |
|---|---|
| Bro. V. Vincent Jeyakumar | Bro. Abraham Mathew |
| Representative of India | Bible Standard Ministries - LHMM |
| Bible Standard Ministries - LHMM | Kakkamparampil |
| 32-D, Dr. Solomon Complex | Vakathanam. P.O |
| Near Railway Gate, Nazareth | Kottayam Dist, Kerala |
| Tamil Nadu, India - 628 617 | India - 686 538 |
| Cell : 9894926629 | Cell: 9847553988 |
| Email:vincent.v31@gmail.com | Email : enjoymathew@gmail.com |

Visit us at : **www.biblestandardindia.com**


(For private circulation only)